## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.736** **30/06/2015-ൽ മറുപടിക്ക്**

# പാലക്കാട് ജില്ലയിൽ കാൻസർ രോഗം

**ചോദ്യം**

ശ്രീ.വി.ചെന്താമരാക്ഷൻ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ കാൻസർ രോഗം ക്രമാതീതമായി വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ജില്ലയിൽ കാൻസർ രോഗം തടയുന്നതിനായി ആരോഗ്യവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) | പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് എന്ന സ്ഥലത്ത് റീജിണൽ കാൻസർ സെന്ററിന്റെ ഉപകേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു മുൻകൂർ കാൻസർ നിർണ്ണയകേന്ദ്രം (ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ) ഉണ്ട്. ഇതു വഴി പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ കാൻസർ ബോധവത്കരണ ക്ലാസ്സുകളും, കാൻസർ നിർണ്ണയ ക്ലിനിക്കും നടത്തി വരുന്നു.<br><br>ജില്ലയിൽ കാൻസർ രോഗം തടയുന്നതിനായി സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ബോധവത്കരണ പരിപാടികൾ എല്ലാ സാമ്പത്തിക വർഷവും നടത്തി വരുന്നു. കാൻസർ നിർണ്ണയ ക്യാമ്പുകളും പ്രാദേശിക തലത്തിൽ എല്ലാ സാമ്പത്തിക വർഷവും നടത്തുന്നതിലൂടെ രോഗബാധിതരെ മുൻകൂട്ടി കണ്ടെത്താൻ സാധിക്കുന്നു. സംസ്ഥാന ആരോഗ്യവകുപ്പിന്റെ നൂതന പദ്ധതിയായ ജില്ലാ കാൻസർ കെയർ പദ്ധതിയിലൂടെ പാലക്കാട് ജില്ലാ ആശുപത്രിയിൽ ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിക്കുകയും പരിശീലനം ലഭിച്ച ഡോക്ടർമാരെയും, നേഴ്സുമാരേയും പോസ്റ്റ് ചെയ്യുകയുമുണ്ടായി. കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ ഇവിടെ ലഭ്യമാക്കുകയും കാൻസർ രോഗ നിർണ്ണയം നടത്തി വരികയും ചെയ്യുന്നു. |
| (സി) | പാലക്കാട് മെഡിക്കൽ കോളേജിൽ അത്യാധുനിക കാൻസർ ചികിത്സാവിഭാഗം ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | പാലക്കാട് മെഡിക്കൽ കോളേജ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ